# ചലനാത്മകതയും ഭൗതികസാഹചര്യങ്ങളും

സ്വതന്ത്രമായ മാനസികവും ഭൗതികവുമായ ചലനാത്മകത എന്നതിനെ ഭൗതിക സാഹചര്യങ്ങൾ ഗണ്യമായി സ്വാധീനിക്കുന്നുണ്ട്. പ്രത്യേകിച്ചും സ്ത്രീ സമൂഹത്തിന്റെ ചലനാത്മകത അടിയന്തിര ഘട്ടങ്ങളിലൊഴിച്ച് മറ്റെല്ലായ്പ്പോഴും അവരുടെ ഭൗതിക സാഹചര്യങ്ങളെ മാത്രം അടിസ്ഥാനപ്പെടുത്തിയാണ്.

ഭൗതിക സാഹചര്യങ്ങൾ വിഘാതമാകുന്നത് സമൂഹത്തിനു മുഴുവനുമല്ലേ? സ്ത്രീസമൂഹം മാത്രമാണോ ഈ ഒഴുക്കിൽ മുങ്ങിപ്പോകുന്നത് എന്ന ചോദ്യം സ്വാഭാവികമായും ഉയർന്നേക്കാം. എന്നാൽ ഭൗതിക സാഹചര്യങ്ങളുടെ പ്രതികൂലതയെ ചാടിക്കടക്കാൻ സാമൂഹികമായ വേലിക്കെട്ടുകൾ അനുവദിക്കാത്തത് കൂടിയ പങ്കും സ്ത്രീ സമൂഹത്തെയാണ്. ആ മുള്ളുവേലികളുടെ മുകൾഭാഗം സദാചാര ബോധവും അടിഭാഗം ആക്രമണ ഭീതിയുമാണ്.

ഭൗതിക സാഹചര്യങ്ങളുടെ പ്രതിഫലനം ഒരു സ്ത്രീയുടെ സ്വതന്ത്രമായ സഞ്ചാരത്തിന്റെ എല്ലാ മേഖലയിലും/വിഭാഗത്തിലും ഉണ്ടാകാറുണ്ട്. സാമ്പത്തികവും സാമൂഹികവുമായ വലിപ്പങ്ങളും, വിദ്യാഭ്യാസ ഔദ്യോഗിക ഔന്നിത്വങ്ങളും ഇവിടെ തുണകൂടുന്നില്ല. എങ്കിലും ഇവയെല്ലാം ഒരു പരിധിവരെ പ്രതികൂലതകളെ അതിജീവിക്കാനുള്ള മാനസികമായ ശേഷി സ്ത്രീ സമൂഹത്തിനു നൽകുന്നുണ്ട്. ഈ വസ്തുത നിലനിൽക്കുമ്പോൾത്തന്നെ മുൻപറഞ്ഞ സാമൂഹികമായ വേലിക്കെട്ടുകൾ ഇവരെ പിന്നോട്ടുവലിക്കുകയും ചെയ്യുന്നുണ്ട്.

ഭൗതിക സാഹചര്യങ്ങൾ ഏതു തരത്തിലാണ് സ്വതന്ത്രമായ ചലനത്തിനു വിഘാതമാകുന്നത് എന്നു നോക്കാം. നഗര പ്രദേശങ്ങളിൽ വാഹന സാഹചര്യങ്ങളുടെ ലഭ്യത, സുരക്ഷിതത്വം എന്നിവ ചലനാത്മകതയെ പ്രത്യേകിച്ച് വിദ്യാർത്ഥിനികൾ (അല്ലെങ്കിൽ വിദ്യാഭ്യാസം ആഗ്രഹിക്കുന്നവർ), ഉദ്യോഗസ്ഥകൾ (അല്ലെങ്കിൽ ഉദ്യോഗം ആഗ്രഹിച്ചവർ) എന്നിവരെ സ്വാധീനിക്കുന്നു. അതുപോലെത്തന്നെ മൊബൈൽഫോണിന്റെ നെറ്റ്‌വർക്ക് ഈ വിഭാഗത്തിന്റെ ചലനാത്മകതയെ സ്വതന്ത്രചലനത്തെ സ്വാധീനിക്കുന്ന മറ്റൊരു പ്രധാന ഘടകമാണ്. സ്വന്തം വാഹനമുള്ളവർപോലും നെറ്റ്‌വർക്കില്ലാത്ത സ്ഥലത്തുകൂടിയുള്ള സഞ്ചാരം പലപ്പോഴും സുരക്ഷിതത്വ പ്രശ്നങ്ങൾ മൂലം ഒഴിവാക്കുന്നു.

എന്നാൽ ഗ്രാമപ്രദേശങ്ങളിലേക്കും തോട്ടം മേഖലകളിലേക്കും വരുമ്പോൾ ഇവ കൂടാതെ വഴിവിളക്കുകൾ, വിജനമായ പാതകൾ എന്നിവയും ആദിവാസി മേഖലകളി ലേക്കും ഹൈറേഞ്ച് മേഖലകളിലേക്കും കയറുമ്പോൾ വന്യജീവികളോടും പ്രകൃതി ക്ഷോഭങ്ങളോടുമുള്ള ഭയം, ഭാഷാ ന്യൂനപക്ഷങ്ങളോടുള്ള ഭൂരിപക്ഷത്തിന്റെ സമീപനം എന്നിവയും മേൽപറഞ്ഞ വിഭാഗത്തിന്റെ ചലനാത്മകതയെ സ്വാധീനിക്കുന്ന ഭൗതിക സാഹചര്യങ്ങളാണ്.

പ്രാദേശികമായ പ്രത്യേകതകൾ ചലനാത്മകതയെ വളരെയധികം സ്വാധീനിക്കു ന്നുണ്ട്. വെള്ളം, വിറക്, ഗ്യാസ്, വൈദ്യുതി തുടങ്ങിയവയുടെ സുഗമമായ ലഭ്യത സ്ത്രീകളുടെ ചലനാത്മകതയെ വളരെയധികം സ്വാധീനിക്കാറുണ്ട്. ഇത്തരം അടി സ്ഥാന ഭൗതിക സാഹചര്യങ്ങൾ നേടിയെടുക്കാൻ പ്രയാസപ്പെടുകയാണെങ്കിൽ ആ സമൂഹത്തിൽ സ്ത്രീകളാകും തങ്ങളുടെ സ്വതന്ത്രമായ സഞ്ചാരത്തെ ബലികൊടുക്കേ ണ്ടിവരിക.

ഇതുപോലെത്തന്നെ ഒരു പ്രദേശത്തെ സ്ഥാപനങ്ങളുടെ ലഭ്യത ഉദാഹരണമായി സ്കൂൾ, പഞ്ചായത്ത് ഓഫീസ്, വില്ലേജ് ഓഫീസ്, ആശുപത്രി, മൃഗാശുപത്രി, കൃഷിഭ വൻ, പോലീസ് സ്റ്റേഷൻ മറ്റു പഞ്ചായത്ത് സ്ഥാപനങ്ങളിൽ ഇവിടെ നിലനിൽക്കുന്ന സ്ത്രീ സൗഹാർദ്ദ അന്തരീക്ഷം, സുരക്ഷിതത്വം, പരിഗണന എന്നിവ സ്ത്രീകളുടെ ചല നാത്മകതയെ സ്വാധീനിക്കുന്ന ഘടകങ്ങളാണ്.

കൂട്ടായ്മകളും സംഘടനകളും നിലനിൽക്കുന്ന സമൂഹം സ്ത്രീയുടെ ചലനാത്മ കതയെ വളരെയധികം സ്വാധീനിക്കുന്ന മറ്റൊരു പ്രധാന ഘടകമാണ്. അതുപോലെ ത്തന്നെ മതപരമായ ഉത്സവങ്ങൾ, സാമുദായികമായ ചടങ്ങുകൾ എന്നിവയാണ് പല പാർശ്വവത്കരിക്കപ്പെട്ട സമൂഹങ്ങളിലും (ഉദാ: കേരളത്തിലെ തമിഴ് കുടിയേറ്റ മേഖല കൾ) സ്ത്രീകളുടെ ചലനത്തിന് അനുകൂലമാകുന്ന ഭൗതിക സാഹചര്യങ്ങൾ അല്ലെ ങ്കിൽ അവിടെ മാത്രമെ സ്ത്രീക്ക് സഞ്ചാരം അനുഭവവേദ്യമാകുന്നുള്ളു. ഈ സമൂഹ ത്തിൽ എന്നു പറയാം.

പ്രാദേശികതയെപ്പറ്റിയുള്ള ജ്ഞാനം ഒരു പരിധിവരെ സ്വതന്ത്രമായ ചലനാത്മക തയെ സ്വാധീനിക്കുന്ന ഘടകമാണ്. സ്ത്രീ സൗഹാർദ്ദപരമായി രൂപകൽപന ചെയ്യപ്പെട്ട നഗരങ്ങൾ, പാർക്കുകൾ, ചന്തകൾ, സ്ഥാപനങ്ങൾ എന്നിവ സ്ത്രീയുടെ സഞ്ചാരത്തെ സ്വതന്ത്രവും സന്തോഷപൂർവ്വവുമാക്കുകയും ചെയ്യുന്നു.

മേൽ സൂചിപ്പിച്ച ഘടകങ്ങൾക്കെല്ലാം ഉപരിയായി വൃത്തിയും സുരക്ഷിതവും സ്ത്രീ സൗഹാർദ്ദപരമായ നിർവൃതിയുള്ള ശൗചാലയങ്ങൾ സ്ത്രീയുടെ സ്വതന്ത്രമായ ചലനാത്മകതയെ ഏറ്റവുമധികം സ്വാധീനിക്കുന്ന ഒരു ഭൗതിക സാഹചര്യമാണ്.

ഈ ഘടകങ്ങൾക്കെല്ലാമുപരിയായി സാമൂഹിക ഇടപെടലുകൾ നടത്താൻ വിമുഖത കാണിക്കുന്ന സമൂഹം സ്ത്രീകളുടെ ചലനാത്മകതയെ തടയുന്ന ഒരവസ്ഥയുണ്ട്.

ഭൗതിക സാഹചര്യങ്ങളെ അനുകൂലമാക്കുന്നതിലൂടെ നമുക്ക് സ്ത്രീയുടെ ചലനാത്മകതയെ സ്വതന്ത്രവും സുരക്ഷിതത്വപരവുമാക്കാം എന്നതിലുപരി സന്തോഷകരമാക്കാം. വിദ്യാഭ്യാസം, ജോലി, മികച്ച ജീവിത സാഹചര്യം, സാമൂഹികമായ ബന്ധങ്ങൾ, സംഘടനാ പ്രവർത്തനങ്ങൾ, സാമൂഹികമായ സ്ഥാപനങ്ങളുമായുള്ള ബന്ധം, ആരോഗ്യ പ്രവർത്തകരുമായുള്ള ഇടപെടലുകൾ എന്നീ രീതിയിലുള്ള സാമൂഹിക ഉന്നതിയുടെ അളവുകോലുകൾ എന്ന് അംഗീകരിക്കപ്പെട്ടിട്ടുള്ള അവസ്ഥകളെല്ലാം നേടിയെടുക്കുന്നതിന് സ്ത്രീ സമൂഹത്തെ പ്രാപ്തരാക്കുന്നത് ഒരു പക്ഷേ സ്വതന്ത്രവും സന്തോഷകരവുമായ ചലനത്തിന് മാധ്യമമാകുന്ന ഭൗതിക സാഹചര്യങ്ങളാകാം. അത് ഒരുക്കേണ്ടത് സമൂഹത്തിന്റെ കൂട്ടുത്തരവാദിത്വമാണ്.